**അഖിലകേരള** (സ്വകാര്യ സ്കൂൾ)
**പൗരസ്ത്യ ഭാഷാദ്ധ്യാപക സംഘടന (പി.ബി.എസ്)**
अखिलकेरल पौरस्त्य भाषाध्यापक संघ
ALL KERALA (PRIVATE SCHOOL) ORIENTAL LANGUAGE TEACHERS ASSOCIATION
അംഗീകൃതം: (G.O.M.S.) 372/1-10-1969
കേന്ദ്രകാര്യാലയം: നാഗമ്പടം, കോട്ടയം പിൻ - 686 006 ഫോൺ: 0481 - 2562743

തിയതി..............................

**മഹാത്മൻ,**

കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസ മേഖലയിൽ സേവനം അനുഷ്ഠിക്കുന്ന മലയാളം, ഹിന്ദി, സംസ്കൃതം അധ്യാപകരുടെ ഏക അംഗീകൃതസംഘടന. സ്വാതന്ത്ര്യലബ്ധിക്കു മുമ്പ് പ്രവർത്തനം ആരംഭിച്ച് ഭാഷാധ്യാപകരുടെ സേവനവേതന വ്യവസ്ഥകൾക്കുവേണ്ടി നിരന്തരം പ്രയത്നിച്ച അദ്ധ്യാപകപ്രസ്ഥാനം. മാതൃഭാഷയുടെയും രാഷ്ട്രഭാഷയുടെയും ദേവഭാഷയുടെയും ഉന്നമനത്തിനു വേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങൾ. സേവനവേതന വ്യവസ്ഥകൾക്ക് എന്നതുപോലെ അക്കാദമീയ കാര്യങ്ങളിലും നിരന്തര ജാഗ്രത. സബ്ജില്ല, വിദ്യാഭ്യാസജില്ല, റവന്യൂജില്ല, സംസ്ഥാനം എന്നിങ്ങനെ കെട്ടുറപ്പുള്ള സംഘടനാ സംവിധാനം.

## പി.ബി.എസ്. അക്കാദമിക് കൗൺസിൽ

കുട്ടികളുടെയും അദ്യാപകരുടെയും ഉന്നമനത്തിനുവേണ്ടിയുള്ള നിരവധി മത്സരങ്ങളും ശില്പശാലകളും നടത്തുന്നു. ഭാഷാനൈപുണിമത്സരം, കൈരളീവിജ്ഞാന പരീക്ഷ, ഹിന്ദിഭാഷൺ പരീക്ഷ, ജില്ലാതല അധ്യാപകസെമിനാറുകൾ തുടങ്ങിയവ പ്രധാനപ്പെട്ടവ.

### കൈരളീവിജ്ഞാനപരീക്ഷ

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും അദ്ധ്യാപക സമൂഹത്തിന്റെയും അഭിമാനമായിരുന്ന പ്രൊഫസർ എസ്. ഗുപ്തൻനായരുടെ നിർദ്ദേശപ്രകാരം 1997-ൽ ആരംഭിച്ച പരീക്ഷാപദ്ധതി. ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള ഭാഷാധ്യാപകർ നേതൃത്വം നല്കുന്നു. പ്രൊഫ. എം.കെ.സാനു, പ്രൊഫ. ജോർജ്ജ് ഓണക്കൂർ, പ്രൊഫ. അമ്പലപ്പുഴ ഗോപകുമാർ എന്നിവരടങ്ങുന്ന ഉപദേശകസമിതി മാർഗ്ഗനിർദ്ദേശം നൽകുന്നു.

വിദ്യാഭ്യാസവകുപ്പിന്റെ അനുവാദത്തോടെ നടത്തുന്ന തികച്ചും നൂതനവും രസകരവും വിജ്ഞാനപ്രദവുമായ പരീക്ഷ. പ്രഗത്ഭരായ അദ്ധ്യാപകർ തയ്യാറാക്കുന്ന പരീക്ഷാസഹായി. പരീക്ഷയ്ക്കു തയ്യാറെടുക്കാൻ പ്രത്യേകപരിശീലനം. കുറ്റമറ്റ മൂല്യനിർണ്ണയത്തിനുള്ള സംവിധാനം. സംസ്ഥാനതലത്തിൽ ഓരോ സ്റ്റാൻഡേർഡിലും ഒന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് സ്വർണ്ണപ്പതക്കം. അടുത്ത 10 സ്ഥാനം നേടുന്ന കുട്ടികൾക്ക് 300 രൂപാവീതം 60 സ്കോളർഷിപ്പുകൾ. വിദ്യാഭ്യാസ ജില്ലാതലത്തിൽ ഓരോ സ്റ്റാൻഡേർഡിലും ഒന്നാം സ്ഥാനം നേടുന്ന കുട്ടിക്ക് 200 രൂപാ വീതം 204 സ്കോളർഷിപ്പുകൾ. ഏറ്റവും കൂടുതൽ കുട്ടികളെ പരീക്ഷയ്ക്കിരുത്തുന്ന സ്കൂളിന് സംസ്ഥാനതലത്തിലും റവന്യു ജില്ലാതലത്തിലും കൈരളീ ട്രോഫി. മികച്ച കൈരളീ ക്ലബ്ബുകൾക്ക് സംസ്ഥാനതലത്തിൽ കാഷ് അവാർഡും ട്രോഫിയും. കൈരളീ ക്ലബ്ബ് കൺവീനർമാർക്ക് കാഷ് അവാർഡും പാരിതോഷികങ്ങളും.

### ഹിന്ദിഭാഷൺ പരീക്ഷ

ഭാരതത്തിന്റെ രാഷ്ട്രഭാഷയാണ് ഹിന്ദി. വൈവിദ്ധ്യമാർന്ന ജനസമൂഹത്തെ കോർത്തിണക്കുന്നതിന് ഓരോ ഭാരതീയനും ഹിന്ദിയിൽ ആശയവിനിമയം നടത്തുവാൻ സാധിക്കണം. അഹിന്ദി സംസ്ഥാനങ്ങളിലെ സ്കൂളുകളിൽ നിന്നും പത്താം സ്റ്റാൻഡേർഡ്വരെ പഠിച്ച് പുറത്തുവരുന്ന കുട്ടികൾക്ക് ഇന്ന് ഹിന്ദിയിൽ ആശയവിനിമയം നടത്തുവാൻ സാധിക്കുന്നില്ല. ഇതിന് പരിഹാരമെന്നോണം രാഷ്ട്രഭാഷയെ ജീവിതബന്ധിയാക്കി മാറ്റുവാൻ ഉതകുന്ന തരത്തിൽ പി.ബി.എസ് അക്കാദമിക് കൗൺസിൽ രൂപം കൊടുത്ത പരിശീലന പരീക്ഷാപരിപാടിയാണ് ഹിന്ദി ഭാഷൺ പരീക്ഷ. കേരളത്തിലെ സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളിൽ കേരള സിലിബസിൽ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാകുട്ടികൾക്കും ഈ പരീക്ഷയിൽ പങ്കെടുക്കാം. അതതു ക്ലാസ്സിലെ ഹിന്ദി പാഠാവലിയെ ആധാരമാക്കിയും വാർഷികപരീക്ഷയെ ലക്ഷ്യമാക്കിയും കുട്ടികൾ ആർജ്ജിച്ചിരിക്കേണ്ട പദാവലി, പ്രയോഗം, ശൈലി, ജീവിതസന്ദർഭങ്ങൾ അടിസ്ഥാനമാക്കിയുള്ള സംഭാഷണം, സമഗ്രമായ ആശയവിനിമയം എന്നിവയ്ക്കുള്ള പരിശീലനത്തെ തുടർന്ന് പരീക്ഷ. **സംസ്ഥാനതലത്തിൽ ഓരോ ക്ലാസിലും ഒന്നാമതെത്തുന്ന കുട്ടിക്ക് സ്വർണപ്പതക്കവും രണ്ടും മൂന്നും സ്ഥാനക്കാർക്ക് കാഷ് അവാർഡുകളും നൽകുന്നു.**

19-ാം മത് കൈരളീ വിജ്ഞാന പരീക്ഷയുടെയും 14-ാമത് ഹിന്ദി ഭാഷൺ പരീക്ഷയുടെയും സമ്മാനദാന ചടങ്ങ് - പ്രതിഭാസംഗമം ആണ് 2016 ജൂലൈ 23-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ തൃശൂർ ചെമ്പൂക്കാവ് ഹോളി ഫാമിലി സി.ജി.ഹയർ സെക്കണ്ടറി സ്കൂളിൽ നടക്കുന്നത്. ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് ഈ പരിപാടിയിൽ പങ്കെടുക്കുവാൻ സമ്മതിച്ച താങ്കൾക്ക് സംഘടനയുടെ നന്ദി അറിയിക്കുന്നു.

| | | |
|---|---|---|
| **ബാബു എബ്രഹാം** | **എം.എ. എബ്രഹാം** | **പയസ് കുര്യൻ** |
| പ്രസിഡന്റ് | ജനറൽ സെക്രട്ടറി | സംസ്ഥാന അക്കാദമിക് കൗൺസിൽ കൺവീനർ |

Scanned by CamScanner